**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 03 ബുധൻ**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## കടലാക്രമണ പ്രതിരോധം: കയ്പമംഗലത്തിൽ ജിയോബാഗിന് ടെണ്ടറായി

ജില്ലയിൽ കടലാക്രമണം രൂക്ഷമായ തീരമേഖലയിൽ അടിയന്തിര പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ ഫണ്ടിൽനിന്ന് അനുവദിച്ച മൂന്ന് കോടി രൂപ ഉപയോഗിച്ചുള്ള പ്രവൃത്തികളിൽ ആദ്യഘട്ടത്തിന്റെ ടെൻഡർ നടപടികളായതായി അഡീഷനൽ ഇറിഗേഷൻ ഡിവിഷൻ ഓഫീസ് അറിയിച്ചു. പോളി പ്രൊപ്പലീൻ ബാഗുകളിൽ മണൽ നിറച്ചുള്ള ജിയോ ബാഗുകൾ ദുരിതബാധിത പ്രദേശത്ത് വിന്യസിക്കുന്ന 13 പ്രവൃത്തികളും മൂന്ന് പഞ്ചായത്തുകളിൽ കരിങ്കല്ല് പയോഗിച്ചുള്ള മൂന്ന് പ്രവൃത്തികളും അടക്കം ആകെ 2,84,5800 രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്. ഇതിൽ കയ്പമംഗലം മണ്ഡലത്തിൽ ജിയോബാഗുകൾ വിന്യസിച്ച് കടൽക്ഷോഭം നേരിടുന്നതിനുള്ള 705 മീറ്ററിലെ 88.85 ലക്ഷത്തിന്റെ പ്രവൃത്തിക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് ബുധനാഴ്ച ടെൻഡറായത്.

കയ്പമംഗലം മണ്ഡലത്തിൽ എറിയാട് പഞ്ചായത്തിലെ 220 മീറ്റർ ദൂരത്തിൽ 27.70 ലക്ഷത്തിന്റെ പ്രവൃത്തി, 200 മീറ്ററിൽ 25.20 ലക്ഷം രൂപയുടെ പ്രവൃത്തി, 95 മീറ്റർ ദൂരം 12 ലക്ഷം രൂപയുടെ പ്രവൃത്തി, 70 മീറ്റർ ദൂരം 8.80 ലക്ഷം രൂപയുടെ പ്രവൃത്തി എന്നിവയും എടവിലങ്ങ് പഞ്ചായത്തിലെ 60 മീറ്ററിൽ 7.60 ലക്ഷം രൂപയുടെ പ്രവൃത്തി, മറ്റൊരു 60 മീറ്ററിൽ 7.55 ലക്ഷം രൂപയുടെ പ്രവൃത്തി എന്നിവയാണ് ടെണ്ടറായത്.

മറ്റു പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കാനുണ്ട്. ജിയോ ബാഗ് ഉപയോഗിച്ചുള്ള മറ്റ് പ്രവൃത്തികൾ, എസ്റ്റിമേറ്റ് തുക എന്ന ക്രമത്തിൽ ചുവടെ: ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിൽ 549 മീറ്റർ, 69.99 ലക്ഷം രൂപ, നാട്ടിക മണ്ഡലത്തിലെ തളിക്കുളം പഞ്ചായത്ത് 387 മീറ്റർ, 48.64 ലക്ഷം രൂപ, മണലൂർ മണ്ഡലത്തിലെ വാടനപ്പള്ളി പഞ്ചായത്തിൽ 150 മീറ്റർ, 18.85 ലക്ഷ രൂപ.

ഇതു കൂടാതെ കയ്പമംഗലം, ഗുരുവായൂർ മണ്ഡലങ്ങളിലായി 305 മീറ്ററിൽ 58.25 ലക്ഷം രൂപ വിനിയോഗിച്ച് കരിങ്കല്ല് ഉപയോഗിച്ച് കടൽഭിത്തി കെട്ടുന്ന പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കയ്പമംഗലം എടവിലങ്ങ് പഞ്ചായത്തിൽ 10 മീറ്ററിൽ 1.90 ലക്ഷം രൂപയുടെ പ്രവൃത്തി, എറിയാട് പഞ്ചായത്തിൽ 235 മീറ്ററിൽ 45 ലക്ഷത്തിന്റെ പ്രവൃത്തി, ഗുരുവായൂർ കടപ്പുറം പഞ്ചായത്തിൽ 60 മീറ്ററിൽ 11.35 ലക്ഷം രൂപയുടെയും പ്രവൃത്തി എന്നിവയാണ് കരിങ്കൽഭിത്തി നിർമ്മിക്കുന്നത്.

## അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ജൂലൈ അവസാനവാരത്തിൽ തുറക്കും

നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന പുരാതന മുസ്രിസ് തുറമുഖം പുനർനിർമ്മിക്കുക എന്ന പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കപ്പെട്ട അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് ഈ മാസം അ വസാനവാരം തുറക്കും. മദ്ധ്യകേരളത്തിലെ ആദ്യത്തെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ നിർമ്മിക്കപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ ലാസ്കർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകളും ആരംഭിക്കും. സംസ്ഥാന സർക്കാരിന്റെ കീഴിൽ ആദ്യമായാണ് ഇത്ത രത്തിൽ മറൈൻ കോഴ്സുകൾ വരുന്നത്. തുറമുഖവകുപ്പാണ് കോഴ്സുകൾ വിഭാവനം ചെയ്തിരി

ക്കുന്നത്. തുറമുഖവകുപ്പിന്റെ രണ്ടരയേക്കർ സ്ഥലത്ത് 11 കോടി രൂപ ചെലവിട്ട് നിർമ്മിച്ച ഇൻസ്റ്റിറ്റ്യൂട്ട് 2015 ജൂലൈ 11 ന് നാണ് ഉദ്ഘാടനം ചെയ്തത്. നാല് പ്രധാന കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതിനെ തുടർന്ന് 2017-ൽ മാസത്തിലൊരു തവണ സ്രാങ്കുകൾക്കായുള്ള പരിശീലനം തുടങ്ങി. സാങ്കേതിക കാരണങ്ങൾ മൂലം പരിശീലനം നിന്നു. തുടർന്നാണ് സർക്കാർ വിഭാവനം ചെയ്യുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുറക്കണമെന്ന ആവശ്യമുയർന്നത്. ഇതിനെ തുടർന്ന് ഇൻസ്റ്റിറ്റ്യൂട്ട് തുറന്നു പ്രവർത്തിക്കാൻ തുറമുഖവകുപ്പ് തീരുമാനിക്കുന്നത്. ലോകത്തിലെ കപ്പൽ വ്യവസായ-ഗതാഗത മേഖലയിലെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയും കേരളത്തിലെ തൊഴിലില്ലായ്മയക്ക് പരിഹാരമെന്ന നിലയിലും കപ്പൽ വ്യവസായ-ഗതാഗത ഭൂപടത്തിൽ കേരളത്തെ ഉയർത്തുക, ഉൾനാടൻ ജലഗതാഗതം പരിപോഷിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഇൻസ്റ്റിറ്റ്യൂട്ട് തുറന്നു പ്രവർത്തനമാരംഭിക്കുക. പ്രവർത്തനത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ ഫസ്റ്റ് ക്ലാസ് മാസ്റ്റർ, സെക്കന്റ് ക്ലാസ് മാസ്റ്റർ, ഫസ്റ്റ് ക്ലാസ് എഞ്ചിൻ ഡ്രൈവർ, സെക്കന്റ് ക്ലാസ് എഞ്ചിൻ ഡ്രൈവർ എന്നീ കോഴ്സുകളും ആരംഭിക്കും. ആറ് ബ്ലോക്കുകളടങ്ങുന്ന കെട്ടിടസമുച്ചയത്തിൽ ഏഴ് ക്ലാസ് മുറികൾ, വർക്ക്ഷോപ്പ്, ഭരണവിഭാഗം ബ്ലോക്ക്, ലബോറട്ടറി ബ്ലോക്ക്, ചാർട്ട്റൂം ബ്ലോക്ക്, കംപ്യൂട്ടർ ബ്ലോക്ക്, ഹോസ്റ്റൽ, ടോയ്ലറ്റ് ബ്ലോക്ക്, സബ്സ്റ്റേഷൻ എന്നിവയാണുള്ളത്.

## വിചാരണ മാറ്റി വച്ചു

തൃശൂർ ജില്ലയിൽപെട്ട ദേവസ്വം വക കാണം/വെറുമ്പാട്ടാവകാശ ഭൂമിക്ക് ജന്മം അനുവദിച്ച് ക്രയസർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട എസ് എം കേസുകളുടെ ഇന്നത്തെ (ജൂലൈ 4) വിചാരണ
2020 ഫെബ്രുവരി 13 ലേക്ക് മാറ്റിയതായി ഡെപ്യൂട്ടി കളക്ടർ (എൽ ആർ) അറിയിച്ചു. ഫോൺ 0487-23606777, 2239530.

## താലൂക്ക് വികസന സമിതി

തൃശൂർ താലൂക്ക് വികസന സമിതി യോഗം ജൂലൈ ആറ് രാവിലെ 11 ന് തൃശൂർ താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും.

## വാഹനം ആവശ്യമുണ്ട്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ തൃശൂർ ഓഫീസിലേക്ക് ഈ സാമ്പത്തിക വർഷം കരാറടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുവാൻ ടെണ്ടർ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയവുമായി ബന്ധപ്പെടണം. ഫോൺ : 0487-2973280.

## 367 വാഹനങ്ങൾ ലേലം ചെയ്യുന്നു

തൃശൂർ റൂറൽ പോലീസ് ജില്ലയിലെ അതിരപ്പിള്ളി, ആളൂർ, അന്തിക്കാട്, മതിലകം, മാള, പുതുക്കാട്, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, കാട്ടൂർ, വാടാനപ്പിള്ളി, വലപ്പാട്, വരന്തരപ്പിള്ളി, വെള്ളിക്കുളങ്ങര എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിസരത്ത് സൂക്ഷിക്കുന്ന 367 വാഹനങ്ങൾ ലേലം ചെയ്യുന്നു. ഈ വാഹനങ്ങളിന്മേൽ എന്തെങ്കിലും അവകാശവാദം ഉന്നയിക്കാനുണ്ടെങ്കിൽ ജൂലൈ 17 നകം മതിയായ രേഖകൾ സഹിതം ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർ മുൻപാകെ ഹാജരാകേണ്ടതാണ്. നിശ്ചിത കാലാവധിക്കുള്ളിൽ അവകാശവാദം ഉന്നയിക്കാത്ത പക്ഷം പ്രസ്തുത വാഹനങ്ങൾ അവകാശികളില്ലാത്ത വാഹനങ്ങളായി പരിഗണിച്ച് പൊതുലേലം വഴി സർക്കാരിലേക്ക് മുതൽ കൂട്ടും. പൊതുലേലം www.mstcecommerce.com എന്ന വെബ്സൈറ്റ് മുഖേന നടത്തും. ഫോൺ : 0487-2361000.

## പരിവർത്തനത്തിന് 'നേർവഴി'പദ്ധതി

പ്രൊബേഷൻ സമ്പ്രദായം ആധുനികവൽക്കരിച്ച് ശക്തിപ്പെടുത്തുന്നതിന് സർക്കാർ ആരംഭിച്ച പദ്ധതിയാണ് നേർവഴി. കുറ്റവാളികളെ, പ്രൊബേഷൻ സംവിധാനം വഴി മാനസികവും സാമൂഹികവുമായി പരിവർത്തനം ചെയ്ത്, സമൂഹത്തിന് പ്രയോജനപ്പെടുന്ന പൗരൻമാരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ജയിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണെങ്കിൽ കൂടി കേസിന്റെ സാഹചര്യം, കുറ്റകൃത്യത്തിന്റെ സ്വഭാവം, കുറ്റവാളിയുടെ പ്രകൃതം, കുടംബ പശ്ചാത്തലം, പൂർവ്വകാലചരിത്രം എന്നിവ കണക്കിലെടുത്ത് ചില വ്യവസ്ഥകൾക്ക് വിധേയമായി കൂടി കുറ്റവാളിയുടെ ജയിൽശിക്ഷ മാറ്റിവെയ്ക്കുന്ന സംവിധാനമാണ് പ്രൊബേഷൻ. കുറ്റവാളികളുടെയും കുറ്റകൃത്യത്തിൽ ഏർപ്പെടാൻ സാധ്യതയുള്ളവരുടെയും അപകടകരമായ സ്വഭാവ സവിശേഷതകൾക്ക് കാരണമായ സാമൂഹ്യ-മാനസിക സാഹചര്യങ്ങളിൽ മാറ്റം വരുന്ന അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക, അതുവഴി കുറ്റകൃത്യവിമുക്തമായ ഒരു സമൂഹം സൃഷ്ടിക്കുക എന്നതുമാണ് നേർവഴി പദ്ധതിയുടെ ഉദ്ദേശ്യം.

18നും 21നുമിടയിൽ പ്രായമുള്ള യുവകുറ്റവാളികൾക്ക് തടവുശിക്ഷ നൽകാതെ പ്രൊബേഷൻ സംവിധാനത്തിന്റെ സേവനം ലഭ്യമാക്കുക, ബോസ്റ്റൽ സ്കൂൾ ആക്ട് പ്രകാരമുള്ള സേവനം ലഭ്യമാക്കുക. ജയിൽ മോചിതരായ വ്യക്തികൾക്ക് വീണ്ടും കുറ്റകൃത്യത്തിൽപ്പെടാത്ത സാഹചര്യം ഇല്ലാതാക്കി അവരുടെ സാഹൂഹിക പുനരധിവാസം ഉറപ്പുവരുത്തുക, തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുക, ലൈംഗിക കുറ്റകൃത്യത്തിലേർപ്പെടുന്നവരുടെയും വ്യക്തിത്വ വൈകല്യമുള്ള കുറ്റവാളികളുടെയും സാഹൂഹ്യ-മാനസികാവസ്ഥ പഠനവിധേയമാക്കി, ആവശ്യമായ സാമൂഹിക മനശാസ്ത്ര ചികിത്സ ലഭ്യമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രൊബേഷൻ സംവിധാനത്തെ സംബന്ധിച്ച് ഏകദിന സെമിനാർ അയ്യന്തോൽ കോസ്റ്റ് ഫോർഡിൽ നടന്നു. ജില്ലാ പ്രൊബേഷൻ ഓഫീസറുടെ നേതൃത്വത്തിൽ പ്രൊബേഷൻ സംവിധാനത്തെ ആസ്പദമാക്കിക്കൊണ്ടുള്ള പ്രഭാഷണം വിയ്യൂർ സെൻട്രൽ ജയിൽ എഫ്.എമ്മിൽ പ്രക്ഷേപണം ചെയ്തു. 2013 മുതൽ പ്രൊബേഷൻ സൂപ്പർവിഷനിൽ ഉണ്ടായിരുന്നവരെയും നിലവിൽ സൂപ്പർവിഷനിൽ ഉള്ളവരുമായ പ്രൊബേഷനർമാർക്കു വേണ്ടിയും മുൻ കുറ്റവാളികൾക്ക് വേണ്ടിയും ഗ്രൂപ്പ് സെഷനുകളും അവബോധ പരിപാടികളും സംഘടിപ്പിച്ചു. ഇതിലൂടെ ഇവരുടെ സാമൂഹിക മാനസിക സാഹചര്യങ്ങളെ സംബന്ധിച്ച് മനസ്സിലാക്കുവാനും, ഇവർക്ക് ആവശ്യമായ ഇടപെടലുകളെ സംബന്ധിച്ച് ചർച്ച ചെയ്യുവാനും സാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അതുപോലെ ഉപജീവനത്തിനും ഇവർക്ക് ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചു നൽകുവാൻ സാധിച്ചു. ധനസഹായ പദ്ധതികളുടെ ഭാഗമായി ധനസഹായം ലഭ്യമാക്കി.

## ഫുട്ബോൾ മത്സരം: അപേക്ഷ ക്ഷണിച്ചു

യുവജനക്ഷേമ ബോർഡ് അഫിലിയറ്റ് ചെയ്ത ക്ലബുകളുടെ ഫുട്ബോൾ മത്സരം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ പേരും വിവരവും ഫോൺനമ്പറും ഉൾപ്പെടെ ജൂലൈ 25 നകം dyctcr@gmail.com എന്ന ഇ-മെയിലോ ജില്ലാ പ്രോഗ്രാം യൂത്ത് പ്രോഗ്രാം ഓഫീസർ, ജില്ലാ യുവജന കേന്ദ്രം, ജില്ലാ പഞ്ചായത്ത് ഓഫീസ്, അയ്യന്തോൾ പി ഒ, തൃശൂർ എന്ന വിലാസത്തിലോ അപേക്ഷ നൽകണം. ഫോൺ : 0487-2362321.

## മികച്ച ഓൺലൈൻ സേവന അംഗീകാരവുമായി എടത്തിരുത്തി വില്ലേജ്

സേവനങ്ങൾ ഓൺലൈൻ വഴിയാക്കി മികവിന് അംഗീകാരം നേടി എടത്തിരുത്തി വില്ലേജ്. ഇ-ഡിസ്ട്രിക്റ്റ്, ഇ-പേയ്മെന്റ് വഴി കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലയിൽ ഏറ്റവും കൂടുതൽ സർട്ടിഫിക്കറ്റുകളും നികുതി രസീതികളും വിതരണം ചെയ്തതിനാണ് ഈ നേട്ടം. ജില്ലയിലെ താലൂക്കുകളിൽ ഏറ്റവും കൂടുതൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതിന്റെ കണക്കെടുത്തപ്പോഴാണ് ജില്ലാഭരണകൂടത്തിന്റെ അംഗീകാരം എടത്തുരുത്തി വില്ലേജിലെത്തിയത്. ജനങ്ങളുടെ ബുദ്ധിമുട്ട് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2012-ൽ കേരളസർക്കാർ ആരംഭിച്ച പദ്ധതിയാണ് ഇ-ഡി

സ്ട്രിക്റ്റ്. ഇതുപ്രകാരം കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഈ പദ്ധതി പ്രകാരം ഓൺലൈൻ വഴിയാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്. നികുതിസമ്പ്രദായം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വില്ലേജിൽ നടപ്പാക്കിയ ഇ-പേയ്മെന്റ് സംവിധാനവും ഫലപ്രദമായിരുന്നു. തുടക്കത്തിൽ ഭൂമിസംബന്ധമായ ചെറിയ ബുദ്ധിമുട്ടുകളുണ്ടായിരുന്നെങ്കിലും അതിനെ മറികടന്ന് ജില്ലയിൽ ഏറ്റവും കൂടുതൽ നികുതി രസീതുകൾ ഇ-പേയ്മെന്റ് വഴി വിജയകരമായി നൽകാൻ സാധിച്ചതായി വില്ലേജ് ഓഫീസർ പി.എ.ഷക്കീർ പറയുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 6699 സർട്ടിഫിക്കറ്റുകളും 5039 നികുതി രശീതികളുമാണ് ഓൺലൈൻ വഴി നൽകിയത്. 4000 സർട്ടിഫിക്കറ്റുകൾ എഴുതിയും നൽകി. ഈ വർഷവും പരമാവധി സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകാനുള്ള ശ്രമത്തിലാണ് എടത്തിരുത്തി വില്ലേജ്. സമീപ വില്ലേജുകളെ അപേക്ഷിച്ച് വിസ്തൃതിയും ജന സംഖ്യയും കൂടുതലുള്ള എടത്തിരുത്തി പഞ്ചായത്തിൽ ചെന്ത്രാപ്പിന്നി, എടത്തിരുത്തി എന്നിങ്ങനെ രണ്ടു വില്ലേജുകളാണുള്ളത്. താരതമ്യേന സ്ഥലപരിമിതിയുള്ള വില്ലേജ് ഓഫീസിൽ ഓൺലൈൻ സേവനങ്ങൾ വന്നതോടെ നാളിതുവരെ ഉണ്ടായിരുന്ന ജനത്തിരക്കിന് അയവു വന്നിട്ടുണ്ട്.

## പ്രളയത്തെ അതിജീവിച്ച് പഴയന്നൂർ

പ്രളയാനന്തരം അതിജീവനത്തിന്റെ ഒരു വർഷം പിഞ്ഞിടുമ്പോൾ തിരിച്ചുപിടിച്ച കാർഷിക പ്പെരുമയിലൂടെ മുന്നേറുകയാണ് പഴയന്നൂർ. ചീരക്കുഴി ഇറിഗേഷൻ പ്രോജക്ടിന്റെ തകരാൻ ഇടയാക്കിയത്. എട്ട് ഷട്ടറുകളിൽ 6 എണ്ണം പൂർണ്ണമായും 2 എണ്ണം ഭാഗികമായും തകരുകയും റെഗുലേറ്ററിന് സമീപമുള്ള കനാലുകൾക്കും പില്ലറുകൾക്കും വിള്ളലുകൾ സംഭവിക്കുകയും ചെയ്തതോടെ ഡാമിലുള്ള ജലസേചനത്തെ ആശ്രയിച്ച് ജീവിച്ചിരുന്ന ആയിരത്തോളം കർഷകരാണ് ദുരിതത്തിലായത്. പ്രളയാനന്തരം പുനർനിർമ്മാണത്തിന് യു ആർ പ്രദീപ് എം.എൽ.എ. യുടെ ഇടപെടലിന്റെ ഫലമായി 2 കോടി 51 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. പ്രാരംഭ ഘട്ടത്തിൽ 15 ലക്ഷം രൂപ വിനിയോഗിച്ച് ഷട്ടറിന് പിൻവശം മണൽചാക്കുകൾ വച്ച് താൽക്കാലിക തടയിണ നിർമ്മിച്ചു. പിന്നീട് ആദ്യഘട്ടത്തിൽ അനുവദിച്ച 74 ലക്ഷം ചെലവഴിച്ച് മണ്ണുമാറ്റൽ, ഭിത്തി സംരക്ഷണം, ചോർച്ച അടയ്ക്കൽ, ചെറുതുരുത്തി ഇരട്ടക്കുളം ഭാഗത്ത് കനാലിന്റെ കട്ട് & കവറിൽ ഇടിഞ്ഞു വീണ മണ്ണ് നീക്കം ചെയ്യൽ, ചെറുതുരുത്തി പഞ്ചായത്തിലെ കനാലിലെ മണ്ണ് നീക്കം ചെയ്യൽ തുടങ്ങിയ അനുബന്ധ പ്രവൃത്തികൾ നടത്തി. യുദ്ധകാലാടിസ്ഥാനത്തിലാണ് ഡാമിന്റെ പുനനിർമ്മാണം പൂർത്തീകരിച്ച് കർഷകർക്ക് സർക്കാർ താങ്ങായത്. തടയിണയിലെ വെള്ളത്തിന് ഒഴുക്ക് കുറവായതിനെ തുടർന്ന് മംഗലം ഡാമിൽ നിന്നും വെള്ളം ലഭ്യമാക്കുകയും ഇതുവഴി 50 സെ.മീ. ഉയരത്തിൽ നിന്നും 90 സെ.മീ. ഉയരത്തിൽ വെള്ളം ഒഴുക്കാൻ സാധിക്കുകയും ചെയ്തു. നിർമ്മാണം പൂർത്തിയാക്കുന്നതിന് 14 കോടി രൂപയുടെ നബാർഡ് സഹായത്തിന് എസ്റ്റിമേറ്റ് സമർപ്പിച്ചു കഴിഞ്ഞു.

## നനവ് 2019-ശ്രീനാരായണപുരം ഞാറ്റുവേലചന്ത സമാപിച്ചു

ജില്ലാതല ഞാറ്റുവേല ഉത്സവത്തിന്റെ ഭാഗമായി ശ്രീനാരായണപുരത്ത് സംഘടിപ്പിച്ച നനവ് 2019 പഞ്ചദിന ഞാറ്റുവേലച്ചന്ത സമാപിച്ചു. കാർഷികമേഖലയ്ക്ക് പുത്തനുണർവേകാൻ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പൂവ്വത്തുംകടവ് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ സഹകരണത്തോടെയാണ് ശ്രീനാരായണപുരം പോള ഹാളിൽ ഞാറ്റുവേല ഉത്സവം നടത്തിയത്. ജൈവ-വൈവിധ്യ സുസ്ഥിര കൃഷിയിടമൊരുക്കി മണ്ണും ജലവും വായുവും സംരക്ഷിക്കുക എന്ന സന്ദേശത്തോട്ഉത്സവം സംഘടിപ്പിച്ചത്. കൃഷിവകുപ്പ്, കാർഷികസർവ്വകലാശാല എന്നിവയുടെ സ്റ്റാളുകൾ, ഫലവൃക്ഷത്തൈകൾ, പച്ചക്കറിത്തൈകൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ പ്രദർശനവും വിൽപനയും, കാർഷികാധിഷ്ഠിത ഉൽപന്നങ്ങളുടെ പ്രദർശനം, ജൈവവളം, ജൈവകീടനാശിനികൾ, കാർഷികപണിയായുധങ്ങൾ, നാടൻ ഭക്ഷണരുചിക്കൂട്ടുകളുടെ പ്രദർശനവും വിൽപ്പനയും, മൃഗസംരക്ഷണ - മത്സ്യ മേഖലകളിലെ പ്രദർശനം, കാർഷിക മേഖലയുമായി ബന്ധപ്പെട്ട് വിദഗ്ദർ നയിച്ച സെമിനാറുകൾ, മണ്ണ് പരിശോധന ലാബ് സംവിധാനം തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തി. വിവിധ വകുപ്പുകളുടെ ഉൾപ്പെടെ 40 സ്റ്റാളുകളാണ് സജ്ജീകരിച്ചത്. കാർഷികമേഖലയിലെ സംശയനിവാരണത്തിനായി അഗ്രോക്ലിനിക്കിന്റെ സേവനം, സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ക്വിസ് മത്സരം, കലാസന്ധ്യ എന്നിവയും സംഘടിപ്പിച്ചു.

സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ആത്മ പ്രൊജക്ട് ഡയറക്ടർ അനിത കരുണാകരൻ ഞാറ്റുവേല അവലോകനം നടത്തി. കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ, പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. സച്ചിത്ത്, കയ്പമംഗലം പഞ്ചായത്ത് പ്രസിഡന്റ് ടി.വി. സുരേഷ്, എറിയാട് പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനൻ, എടത്തിരുത്തി പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് എന്നിവർ മുഖ്യാതിഥികളായിരുന്നു.

## പ്രൊക്യുർമെന്റ് അസിസ്റ്റന്റ് നിയമനം

പൂപ്പത്തി ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പ്രൊക്യുർമെന്റ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നു. എസ്എസ്എൽസി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രവൃത്തിപരിചയം അഭികാമ്യം. അപേക്ഷ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, പ്രായം, ജാതി എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ജൂലൈ 15 നകം സെക്രട്ടറി / പ്രസിഡന്റ്, പൂപ്പത്തി ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം, പൂപ്പത്തി പി ഒ, പിൻ 680733 എന്ന വിലാസത്തിൽ നൽകണം. ഫോൺ : 0480 2890573.

## വായനാപക്ഷാചരണം

ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ വായനാ പക്ഷാചരണം കോസ്റ്റ് ഫോർഡ് ഹാളിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ ഉദയപ്രകാശൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ജെന്നി ജോസഫ് പി.എൻ പണിക്കർ അനുസ്മരണം നടത്തി. വായനാദിന സന്ദേശം ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.എൻ ഹരി നല്കി. ജില്ലാ തല കഥാരചന, കവിതാരചന മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയവരെ ജില്ലാ പഞ്ചായത്ത് അംഗം സുരേഷ് ബാബു ആദരിച്ചു. സുധ സോളമൻ, എ മനോരമ ടീച്ചർ, അസി.കോ-ഓർഡിനേറ്റർ പി.എൻ ബാബു, പി.ജെ കുര്യൻ മാസ്റ്റർ,ഡേവിഡ് സ്റ്റീഫൻ, ഇ.എം സദാനന്ദൻ, ദേവൂട്ടി ഷാജി, ഇ.എം സത്യൻ എന്നിവർ സംസാരിച്ചു. സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ വി.വി.ശ്യാം ലാൽ സ്വാഗതവും അസി.കോ-ഓർഡിനേറ്റർ കൊച്ചുറാണി മാത്യു നന്ദിയും പറഞ്ഞു.

## ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവം സെപ്തംബറിൽ

ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവം സെപ്തംബർ 21, 22 തീയതികളിൽ തൃശൂരിൽ നടത്തും. ജില്ലാ സാക്ഷരത സമിതി യോഗത്തിന്റേതാണ് തീരുമാനം. ആദിവാസി-പിന്നോക്ക-തീരദേശമേഖലയിലെ നിരക്ഷതാ നിർമ്മാജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനും അതിനായുള്ള വിവിധ പദ്ധതികൾ കാര്യക്ഷമമാക്കാനും യോഗം തീരുമാനിച്ചു. സാക്ഷരതാ പദ്ധതികളായ തീരദേശ സാക്ഷരതാ പദ്ധതി (അക്ഷര സാഗരം) പട്ടിക വർക്ഷ സാക്ഷരതാ പദ്ധതി (സമഗ്ര) പട്ടിക ജാതി സാക്ഷരതാ പദ്ധതി (നവചേതന) ഇതര സംസ്ഥാന തൊഴിലാളി സാക്ഷരതാ പദ്ധതി (ചങ്ങാതി) ട്രാൻസ്ജെൻഡേഴ്സ് തുടർ വിദ്യാഭ്യാസ പദ്ധതിയാണ് കാര്യക്ഷമമായി നടപ്പിലാക്കുക.

## വിവിധ സാക്ഷരതാ പദ്ധതികൾ വിജയിപ്പിക്കും : സാക്ഷരതാ സമിതി

ജില്ലയിലെ ആദിവാസി-പിന്നോക്ക തീരദേശ മേഖലയിലെ നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി ആരംഭിച്ച വിവിധ സാക്ഷരതാ പദ്ധതികളായ [തീരദേശ സാക്ഷരതാ പദ്ധതി (അക്ഷര സാഗരം) പട്ടിക വർക്ഷ സാക്ഷരതാ പദ്ധതി (സമഗ്ര) പട്ടിക ജാതി സാക്ഷരതാ പദ്ധതി (നവചേതന) ഇതര സംസ്ഥാന തൊഴിലാളി സാക്ഷരതാ പദ്ധതി (ചങ്ങാതി) ട്രാൻസ്ജെൻഡേഴ്സ് തുടർ വിദ്യാഭ്യാസ പദ്ധതി എന്നിവ] വിജയിപ്പിക്കാൻ ജില്ലാ സാക്ഷരതാ സമിതിയോഗം തീരുമാനിച്ചു. ജില്ലയിലെ ബ്ലോക്ക്, മുൻസിപ്പൽ കോർപ്പറേഷൻ, ഗ്രാമ പഞ്ചായത്ത്, വാർഡ് തല സാക്ഷരതാ സമിതികൾ പുനർസംഘടിപ്പിക്കും. വിവിധ സാക്ഷരതാ തുല്യതാ ക്ലാസ്സുകൾ മോണിറ്ററിങ്ങ് നടത്തും. ജില്ലാ തുടർവിദ്യാഭ്യാസ കലോത്സവം സെപ്റ്റംബർ 21, 22 തിയ്യതികളിലായി തൃശ്ശൂരിൽ നടത്തും. ജില്ലാ സാക്ഷരതാ സമിതി ചെയർപേഴ്സൺ കൂടിയ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സാക്ഷരതാ സമിതി അംഗങ്ങളായ

ജില്ലാ പഞ്ചായത്ത് വൈസ് പ്രസ്ഡന്റ്  എൻ കെ ഉദയ പ്രകാശൻ, സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർ പേഴ്സൺമാരായ മഞ്ജുളാരുണൻ, പത്മിനി, സംസ്ഥാന സാക്ഷരതാ മിഷൻ എക്സിക്യൂട്ടീവ് അംഗം കാവുമ്പായി ബാലകൃഷ്ണൻ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കെ.എസ് കുസുമം, ഡയറ്റ് ലക്ചറർ എ. മനോരമ  ടീച്ചർ, മുൻ ജില്ലാ പഞ്ചായത്ത്  പ്രസിഡന്റ് കെ.ശ്രീകുമാർ, പി.കെ രാജൻ മാസ്റ്റർ, ജൻ ശിക്ഷൺ ഡയറക്ടർ സുധ സോളമൻ, റിട്ട. ഡെപ്യൂട്ടി കളക്ടർ ജഗന്നിവാസ്, കിരൺ ദേവ് കെകെ, ഹസീജ റെഹ്മാൻ, രജിത സി കുഞ്ഞ്, ഡോ.സോണി ടി.എൽ, ജില്ലാ സാക്ഷരതാ മിഷൻ അസി.കോ-ഓർഡിനേറ്റർ പി എൻ ബാബു എന്നിവർ പങ്കെടുത്തു. ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർ വി.വി ശ്യാം ലാൽ സ്വാഗതവും അസി.കോ-ഓർഡിനേറ്റർ കൊച്ചുറാണി മാത്യു നന്ദിയും  പറഞ്ഞു.